ജി(2)2191/20 സഹകരണ സംഘം രജിസ്റ്റാർ ഓഫീസ്,
തിരുവനന്തപുരം, തീയതി 04.04.2020

**സർക്കുലർ.നമ്പർ. 28/2020**

വിഷയം സഹകരണ വകുപ്പ് - കോവിഡ്-19 -വിവിധ മേഖലകൾക്കുണ്ടായ നഷ്ടം- വായ്പകൾക്ക് മോറട്ടോറിയം അനുവദിച്ച് സർക്കുലർ പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്

സൂചന ആർ ബി ഐ യുടെ 27.03.2020 ലെ RBI/2019-20/186, DOR.No.BP.BC.47/21.04.048/2019-20 നമ്പർ കത്ത്

സംസ്ഥാനത്ത് കോവിഡ്-19 രോഗബാധയെ തുടർന്ന് വിവിധ മേഖലകളിൽ കനത്ത സാമ്പത്തിക പ്രതിസന്ധി ഉണ്ടായിരിക്കുന്ന പശ്ചാത്തലത്തിൽ വാണിജ്യ ബാങ്കുകൾ, സഹകരണ ബാങ്കുകൾ, NBFCs എന്നിവിടങ്ങളിൽ നിന്നുള്ള വായ്പകൾക്ക് 01.03.2020 മുതൽ 31.05.2020 വരെ മോറട്ടോറിയം അനുവദിച്ച് സൂചന പ്രകാരം ആർ ബി ഐ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിലെ എല്ലാ സഹരണ സ്ഥാപനങ്ങളിൽ/ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള എല്ലാ വിധ വായ്പകൾക്കും 01.03.2020 മുതൽ 31.05.2020 വരെ മോറട്ടോറിയം പ്രഖ്യാപിക്കുന്നു. ടി മോറട്ടോറിയം മുറ്റത്തെ മുല്ല വായ്പ പദ്ധതിക്കും ബാധകമായിരിക്കുന്നതാണ്. ആയത് സംബന്ധിച്ച നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

- ടി മോറട്ടോറിയം സംസ്ഥാനത്തിലെ എല്ലാ സഹകരണ സ്ഥാപനങ്ങളിൽ/ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള എല്ലാവിധ വായ്പകൾക്കും ബാധകമാണ്.
- മോറട്ടോറിയം കാലാവധിയിൽ പിഴപലിശ ഈടാക്കുവാൻ പാടില്ലാത്തതാണ്.
- മോറട്ടോറിയം കാലാവധിയിൽ നിലവിലുള്ള നിശ്ചിത നിരക്കിലുള്ള പലിശ ബന്ധപ്പെട്ട സഹകരണ സംഘം/ബാങ്ക് ന് മോറട്ടോറിയം കാലാവധിക്ക് ശേഷം ഈടാക്കാവുന്നതാണ്. എന്നാൽ സഹകരണ സ്ഥാപനം/ബാങ്ക് സ്വന്തം ഫണ്ട് ഉപയോഗിച്ച് നൽകുന്ന വായ്പകളുടെ മേൽ കാലയളവിലെ പലിശ അതാത് സ്ഥാപനങ്ങളുടെ ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമെങ്കിൽ ഇളവ് ചെയ്തുകൊടുക്കാവുന്നതാണ്.

എല്ലാ ജനറൽ വിഭാഗ ജോയിന്റ് രജിസ്ട്രാർമാരും ആഡിറ്റ് വിഭാഗ ജോയിന്റ് ഡയറക്ടർമാരും സർക്കുലർ നിർദ്ദേശം നടപ്പിലാക്കുന്നത് ഉറപ്പുവരുത്തേണ്ടതാണ്.

ഒപ്പ്
എ. അലക്സാണ്ടർ. ഐ.എ.എസ്സ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്-
1) സഹകരണ ആഡിറ്റ് ഡയറക്ടർ
2) മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്
3)എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)/ജോയിന്റ് ഡയറക്ടർ(ആഡിറ്റ്)
4)മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്
5)എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)/അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്)
6)എല്ലാ സഹകരണ സംഘങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന)
7) സ്റ്റോക്ക് ഫയൽ
8) സ്പെയർ

അംഗീകാരത്തോടെ

അഡീഷണൽ രജിസ്ട്രാർ(ക്രെഡിറ്റ്)